പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 21    12.01.2021 -ൽ മറുപടിക്ക്.

**ഭക്ഷ്യധാന്യകിറ്റ് വിതരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബി. ഡി. ദേവസ്സി**<br>**ശ്രീ. റ്റി . വി. രാജേഷ്**<br>**ശ്രീ. പി .ടി .എ . റഹീം**<br>**ശ്രീ. ആന്റണി ജോൺ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ലോക്ഡൗൺ കാലത്ത് അതിജീവന കിറ്റ് വിതരണം ചെയ്യുന്നതിന് എത്ര തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ; | (എ) ലോക്ഡൗൺ കാലത്ത് അതിജീവന കിറ്റ് വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 756 കോടി രൂപ അനുവദിച്ചിരുന്നു. അതിനു ശേഷം ഓണക്കിറ്റ് വിതരണത്തിനായി 440 കോടി രൂപയും അനുവദിച്ചിരുന്നു. തുടർന്ന് സെപ്റ്റംബർ മുതൽ ഡിസംബർ വരെ മാസങ്ങളിലായി കിറ്റ് വിതരണം ചെയ്യുതിനും ലോക്ഡൗൺ കാലത്ത് കിറ്റ് വിതരണം നടത്തിയതിന്റെ കുടിശ്ശിക തുകയും ഉൾപ്പെടെ ആകെ 1649.79 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ലോക്ഡൗൺ കാലത്ത് റേഷൻ കാർഡുടമകൾക്ക് അതിജീവന കിറ്റ് വിതരണം ചെയ്ത വകയിൽ 826.76 കോടി രൂപയാണ് സപ്ലൈകോയ്ക്ക് ചെലവായിട്ടുള്ളത്. |
| (ബി) ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്യുന്നതിനുള്ള കാലാവധി ഇപ്പോൾ ഏതുവരെയാണ് ദീർഘിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിനായി എത്ര തുക നീക്കിവെച്ചിട്ടുണ്ട് ; | (ബി) കോവിഡ് സമാശ്വാസത്തിന്റെ ഭാഗമായി സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. ആയതിൽ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ വിതരണം പൂർത്തിയായി. നവംബർ, ഡിസംബർ മാസകിറ്റുകളുടെ വിതരണം 09.01.2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിൽ 2021 ഏപ്രിൽ മാസം വരെ സൗജന്യ ഭക്ഷ്യകിറ്റ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഏകദേശം 1352 കോടി രൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) സംസ്ഥാനത്ത് ആകെ എത്ര കുടുംബങ്ങൾക്കാണ് ഈ പദ്ധതിയുടെ ഗുണഫലം ലഭ്യമായിക്കൊണ്ടിരിക്കുന്നതെന്നുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ ; | (സി) സംസ്ഥാനത്ത് ഏകദേശം 89 ലക്ഷത്തോളം കുടുംബങ്ങൾക്കാണ് പദ്ധതിയുടെ ഗുണഫലം ലഭ്യമാകുന്നത്. കോവിഡ് അതിജീവന കിറ്റുകൾ 84.90 ലക്ഷം കുടുംബങ്ങൾക്കും ഓണക്കിറ്റുകൾ 83.72 ലക്ഷം കുടുംബങ്ങൾക്കും സെപ്റ്റംബർ മാസകിറ്റുകൾ 83.91 ലക്ഷം കുടുംബങ്ങൾക്കും ഒക്ടോബർ മാസകിറ്റുകൾ 83.68 |

ലക്ഷം കുടുംബങ്ങൾക്കും വിതരണം പൂർത്തിയായിട്ടുണ്ട്. നവംബർ, ഡിസംബർ മാസങ്ങളിലെ കിറ്റ് വിതരണം 09.01.2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത മാസങ്ങളിൽ ശരാശരി 84 ലക്ഷം കിറ്റുകൾ വിതരണം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ 99736 ഫിഷർമാൻ കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ഡി) ദുരിത സമയത്ത് സാധാരണക്കാരായ പാവപ്പെട്ടവർക്ക് ഏറെ സഹായകരമായ ഈ പദ്ധതിയെക്കുറിച്ച് ചിലർ ഉന്നയിക്കുന്ന അടിസ്ഥാന രഹിതമായ ആരോപണങ്ങൾ തള്ളിക്കളഞ്ഞ് കിറ്റ് വിതരണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ഡി) കിറ്റ് വിതരണ പദ്ധതി ഏറ്റവും കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് എല്ലാവിധ ക്രമീകരണങ്ങളും നടത്തിയിട്ടുണ്ട്. കിറ്റുകളിൽ ഉൾപ്പെടുത്തുന്ന ഇനങ്ങൾ യഥാസമയം ഏറ്റവും കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിനായി സുതാര്യമായ ഇ-ടെണ്ടർ പർച്ചേസ് സംവിധാനമാണ് സപ്ലൈകോ ഉപയോഗിക്കുന്നത്. ഇതിനു പുറമെ പയർ വർഗ്ഗങ്ങളും മറ്റും നാഫെഡ് മുതലായ കേന്ദ്ര ഏജൻസികളിൽ നിന്നും നേരിട്ട് പർച്ചേസ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. കിറ്റിൽ ഉൾപ്പെടുത്തുന്ന ഓരോ ഇനത്തിന്റെയും അളവിലും ഗുണത്തിലും കൃത്യത ഉറപ്പു വരുത്തുന്നതിന് ഓഡിറ്റ്/ഗുണനിലവാര പരിശോധനാ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ പോലീസ് സൂപ്രണ്ട് പദവിയിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലുള്ള സപ്ലൈകോയുടെ വിജിലൻസ് വിഭാഗവും നിരന്തരം ഫീൽഡ് പരിശോധനകൾ നടത്തുകയും പരാതികളിൽ അന്വേഷണം നടത്തുകയും തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ